**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 22** | **29-01-2024 - ൽ മറുപടിയ്ക്ക്**

**നവകേരള സദസ്സിന്റെ ഭാഗമായി ലഭിച്ച പരാതികളുടെ തീർപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസ്സിന്റെ ഭാഗമായി ലഭിച്ച പരാതികളുടെ എണ്ണവും, 45 ദിവസത്തിനുള്ളിൽ തീർപ്പാക്കിയ പരാതികളുടെ എണ്ണവും, നാളിതുവരെ തീർപ്പാക്കിയ പരാതികളുടെ എണ്ണവും, ഇനിയും തീർപ്പ് കൽപ്പിക്കാൻ അവശേഷിക്കുന്ന പരാതികളുടെ എണ്ണവും ഉൾപ്പെടെയുള്ള വിശദാംശം നിയോജക മണ്ഡലാടിസ്ഥാനത്തിൽ ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | 6.42,076 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ചില പരാതികൾ ഒന്നിലധികം വകുപ്പുമായി ബന്ധപ്പെട്ടവയാണ്. ഇവ അതത് വകുപ്പുകൾക്ക് നടപടികൾക്കായി പ്രത്യകം പ്രത്യേകം നൽകുമ്പോൾ നടപടിയെടുക്കേണ്ട വിഷയങ്ങളുടെ എണ്ണത്തിൽ ഇനിയും വർദ്ധനവ് വരും.നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാന-ജില്ലാതലങ്ങളിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും തീർപ്പ കൽപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുസ്വഭാവമുള്ള പരാതികൾ തരംതിരിച്ച് അതിൽ പൊതുതീരുമാനം കൈക്കൊള്ളുന്ന താണ്. നിലവിലുള്ള ചട്ടങ്ങളിലൊ, ഉത്തരവുകളിലൊ മാറ്റങ്ങൾ അനിവാര്യമാണെങ്കിൽ അക്കാര്യവും പരിഗണിക്കുന്നതാണ്. നിവേദനങ്ങൾ തീർപ്പാക്കുന്നതിന്റെ പുരോഗതി ഓരോ ജില്ലയുടെയും ചുമതലയുള്ള മന്ത്രിമാർ വിലയിരുത്തും. അതോടൊപ്പം ഓരോ ജില്ലയിലെയും പരാതി പരിഹാരത്തിന് മേൽനോട്ടം വഹിക്കാൻ ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെയും ചുമതല പ്പെടുത്തിയിട്ടുണ്ട്. |
| (ബി) | നവകേരള സദസ്സ് സംഘടിപ്പിച്ചതിന്റെ ഭാഗമായി സർക്കാർ അനുവദിച്ചതും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിയതും സ്പോൺസർഷിപ്പിനത്തിൽ കണ്ടെത്തിയതും ഉൾപ്പെടെ ആകെ സമാഹരിച്ച തുകയും ചെലവഴിച്ച തുകയും നിയോജക മണ്ഡലാടിസ്ഥാനത്തിൽ ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (ബി) | നിവേദനങ്ങളുടെ തൽ സ്ഥിതി www.navakeralasadas.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ